A

502

# സമഗ്ര ശിക്ഷാ കേരളം

# വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം

ക്ലാസ് : 5 **കേരള പാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറുവരെയുള്ള പ്രവർത്തനങ്ങളിൽ നാലുപ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

പ്രവർത്തനം 1 **വായിക്കാം എഴുതാം**

**നാലിതൾപ്പൂവ്**

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടു നനച്ചിരുന്നു.
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റിവളർന്നതു മൊട്ടണിഞ്ഞു.
.....................................................................
.....................................................................
ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നില്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തീ പാരി-
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കേ.
കമ്പം പിടിച്ചൊരു പൂമ്പുലരിയ്ക്കെന്തൊ-
രിമ്പമാമുറ്റത്തു നൃത്തമാടാൻ!
കുട്ടനാ മുറ്റത്തിളവെയിലിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തു നിന്നു,
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കല്പിയ്ക്കൂ!

ഇടശ്ശേരി ഗോവിന്ദൻ നായർ

നാലിതൾപ്പൂവിലെ കുറച്ചുവരികൾ വായിച്ചില്ലേ. താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. കുട്ടൻ മുറ്റത്തു നട്ടുനനച്ചത് ഏതു ചെടിയായിരുന്നു?
(തുളസിച്ചെടി, തുമ്പച്ചെടി,പൊൻപനിനീർച്ചടി)

2. അന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ - എപ്പോൾ?
(കമ്പുകൾ പൊട്ടിത്തഴച്ചപ്പോൾ,ആദ്യത്തെ മൊട്ടിന്റെ ചുണ്ട് ചുവക്കുന്നതിന് മുമ്പ് തന്നെ, മുറ്റത്ത് ചെടി നട്ടപ്പോൾ)

3. എന്തൊരിമ്പമാമുറ്റത്തു നൃത്തമാടാൻ - ആർക്ക്?
(ചെടിക്ക്, കുട്ടന് പൂമ്പുലരിക്ക്)

4. മുറ്റത്തിളവെയിലിൽത്തന്നെ പൊട്ടിത്തരിച്ചു കുളിർത്തു നിന്നതാര്?
(പുലരി, പൊൻപനിനീർച്ചെടി, കുട്ടൻ)

5. മൂത്തവരാരെങ്കിലും ആ വഴി വന്ന് കുട്ടനെ കണ്ടാൽ എന്താണ് സങ്കല്പിക്കുക?
(പൊൻനീർച്ചെടിയെന്ന്, മറ്റൊരുപൂവെന്ന്, ഇളവെയിലെന്ന്)

പ്രവർത്തനം 2 (എ) **സംഭാഷണം എഴുതുക.**

'വേനലിന്റെ ഒഴിവ്' എന്ന കഥയിൽ അവധിക്കാലം കഴിഞ്ഞ് നഗരത്തിലെ വീട്ടിലേക്ക് പോയ അമ്മു കുറച്ച് വർഷങ്ങൾക്കുശേഷം മുത്തശ്ശിയെ കാണാൻ വീണ്ടും തറവാട്ടിലേക്ക് എത്തുന്നത് നമ്മൾ പരിചയപ്പെട്ടിട്ടുണ്ട്. അവളെ കണ്ടപ്പോൾ മുത്തശ്ശിക്ക് വലിയ സന്തോഷമായി. വൈകീട്ട് അവർ ഒന്നിച്ച് കുളത്തിൽ കുളിക്കാൻ പോയി. തണുത്ത വെള്ളത്തിൽ നീന്തിത്തുടിക്കുമ്പോൾ തിരക്കു പിടിച്ച നഗരജീവിതത്തെക്കുറിച്ചായിരുന്നു അവൾക്ക് ഏറെയും പറയുവാനുണ്ടായിരുന്നത്. മുത്തശ്ശിയും അമ്മുവും തമ്മിലുള്ള സംഭാഷണം എഴുതുക.

**ബി)** നഗരജീവിതവുമായി ബന്ധപ്പെട്ട ഒരു വാക്ക് കണ്ടെത്തുക.
(ഇളംകാറ്റ്, തെളിനീർപ്പുഴ,വാഹനത്തിരക്ക്)

പ്രവർത്തനം 3 (എ) **പഴഞ്ചൊല്ല് വ്യാഖ്യാനിക്കുക.**

പഴഞ്ചൊല്ലുകൾ നിങ്ങൾക്ക് പരിചിതമാണല്ലോ. നിങ്ങൾക്ക് ഇഷ്ടപ്പെട്ട പഴഞ്ചൊല്ല് എഴുതി അതിനെ വ്യാഖ്യാനിക്കുക.

**ബി)** 'ഐകമത്യം മഹാബലം' എന്ന പഴഞ്ചൊല്ലിനു സമാനമായ പഴഞ്ചൊല്ല് കണ്ടെത്തുക.

എ) മെല്ലെത്തിന്നാൽ മുള്ളും തിന്നാം

ബി) ചട്ടുകമെന്ത് സ്വാദറിഞ്ഞു

സി) ഒരുമ തന്നെ പെരുമ

പ്രവർത്തനം 4 (എ) **പോസ്റ്റർ തയ്യാറാക്കുക.**

ടോട്ടോചാന്റെ സ്കൂളിലെ കുട്ടികളെ കൃഷി പഠിപ്പിക്കുവാൻ കൃഷിമാഷ് വന്നു. മാഷും കുട്ടികളും വയലിൽ ഇറങ്ങി കൃഷി ചെയ്തു. കൃഷിയുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ വിശദീകരിച്ചു. സ്കൂളിൽ തിരിച്ചെത്തിയ കുട്ടികൾ അധ്യാപകന്റെ നിർദേശപ്രകാരം കൃഷിയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പോസ്റ്റർ നിർമിക്കാൻ തീരുമാനിച്ചു. കൃഷിയുമായി ബന്ധപ്പെട്ട ആകർഷകമായ ഒരു പോസ്റ്റർ തയ്യാറാക്കുക.

**ബി)** ആകാശം എന്ന അർത്ഥം വരുന്ന പദമേത്?
(സരസ്സ്, വിഹായസ്സ്, തമസ്സ്)

**പ്രവർത്തനം 5 (എ) വർണ്ണന തയ്യാറാക്കുക**

പുഴക്കരയിലാണ് ഉണ്ണിക്കുട്ടന്റെ വീട്. തീരത്തെ ചെടികളോട് കിന്നാരം പറഞ്ഞ് ഒഴുകുന്ന പുഴ. കണ്ണാടിപോലെ തെളിഞ്ഞ വെള്ളത്തിൽ പുള്ളിപ്പരലുകൾ നീന്തിത്തുടിക്കുന്നു. നിങ്ങളും പുഴ കണ്ടിട്ടുണ്ടാവുമല്ലോ.

നിങ്ങളുടെ പുഴയനുഭവം വർണിക്കുക.

**ബി)** 'പുള്ളിപ്പരലുകൾ' എന്ന വാക്ക് വിശദീകരിക്കുമ്പോൾ
(പുള്ളിയുടെ പരലുകൾ, പുള്ളിയുള്ള പരലുകൾ, പുള്ളിയും പരലുകളും)

**പ്രവർത്തനം 6 (എ) കത്ത് തയ്യാറാക്കുക**

ജോയ്മോൻ ആദ്യമായാണ് സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്കു പോകുന്നത്. കൂട്ടുകാരോടൊപ്പം ഗ്രാമത്തിലെ പല സ്ഥലത്തേക്കും അവൻ യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ നഗരത്തിലേക്കുള്ള യാത്ര ആദ്യമായിട്ടാണ്. നഗരക്കാഴ്ചകൾ അവനെ അത്ഭുതപ്പെടുത്തി. ചീറിപ്പായുന്ന വാഹനങ്ങൾ, പല നിലകളിലുള്ള കെട്ടിടങ്ങൾ, തിരക്കു പിടിച്ച റോഡുകൾ.

നിങ്ങളും പലതരത്തിലുള്ള യാത്രകൾ പോയിരിക്കുമല്ലോ.
നിങ്ങളുടെ ഏതെങ്കിലുമൊരു യാത്രാനുഭവം വിവരിച്ചു കൊണ്ട് കൂട്ടുകാരന് കത്ത് തയ്യാറാക്കുക.

**ബി)** 'മഴവില്ലിൻമകൾ' എന്ന് കവി പറഞ്ഞിരിക്കുന്നത് ആരെയാണ്?

എ) വെള്ളിലവള്ളി

ബി) പൂമ്പാറ്റ

സി) വണ്ട്